INFORMATION DEPARTMENT—PARTICULARS REGARDING

106. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ ഇൻഫർമേഷൻവകുപ്പ് ഏതെല്ലാം ഔദ്യോഗികപ്രസിദ്ധീകരണങ്ങളുടെ ചുമതലകളാണ വഹിക്കുന്നത്;

(ബി) ഇതിനു പുറമെ ഈ വകുപ്പിനു് അനുദിനജോലികൾ എന്തെല്ലാം ചെയ്യേണ്ടതുണ്ട്;

(സി) ഈ ജോലികൾ എല്ലാം നിർവ്വഹിക്കാനായി ഇൻഫർമേഷൻ വകുപ്പിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്;

ഫ്രൻ രണ്ടു സെപ്റ്റംബർ ഫ്രം-ാംനു- മുതൽ ഒക്ടോബർ ഫ്രം-ാംനു- വരെ ഈ ഡിപ്പാർട്ടുമെണ്ടിൽ ക്ലാക്കുണ്ടായിരുന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഫ. കൊച്ചിൻ ഇൻഫർമേഷൻ, ഫ. ഗോശ്രീ, ന. ജനറൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്.

(ബി) ഫ. ദിവാൻജി, സർവ്വാധികാര്യക്കാർ, മന്ത്രിമാർ, ഗവണ്മെണ്ടു സിക്രട്ടറിമാർ, വകുപ്പ് അദ്ധ്യക്ഷന്മാർ എന്നിവർക്ക പേപ്പർ കട്ടിങ്ങുകളും അയക്കുക.

ഫ. ദിവാൻ, റസിഡണ്ടു് എന്നിവരുടെ ആവശ്യത്തിന്നായി കാലാനുപാതികമായ റിപ്പോർട്ടുകളും തയ്യാറാക്കുക.

ന. പ്രസ്സ്നോട്ടുകളും, റിപ്പോർട്ടുകളും മുതലായവ തയ്യാറാക്കുക.

ര. പുറത്തുനിന്നുള്ള അന്വേഷണങ്ങൾക്കു് ഉത്തരം കൊടുക്കുക.

ഇ. പത്രങ്ങളും, പത്രങ്ങൾക്ക വേണ്ടതായ സൌകര്യങ്ങളും, പത്രങ്ങളുടെ വരിസംഖ്യകളും മുതലായവ സംബന്ധിച്ചുള്ള കാര്യങ്ങളിൽ വേണ്ടതു പ്രവർത്തിക്കുക.

ന. പരസ്യങ്ങൾ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും, പരസ്യങ്ങളുടെ ബില്ല പാസ്സാക്കലും.

ഏ. ഹജൂരാഫീസിലെ മറ്റു സെക്ഷനുകളിലെപോലെ ഫയലുകളും നോക്കുക.

വ. മറ്റു നിത്യനിദാനജോലികളും നോക്കുക.

(സി) ഇൻഫർമേഷൻ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ.— ഫ. ഇൻഫർമേഷൻ ഓഫീസർ. ഫ. ടൈപ്പിസ്റ്റ് ക്ലാർക്ക്.

ഫ്രൻ രണ്ടു സെപ്റ്റംബർ ഫ്രം-ാംനു- മുതൽ ഒക്ടോബർ ഫ്രം-ാംനു-വരെ ഈ ഡിപ്പാർട്ടുമെണ്ടിൽ ടൈപ്പിസ്റ്റ് ക്ലാർക്ക് ഉണ്ടായിരുന്നില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇവർക്ക് അനവധി ജോലികളുള്ളതായി ഈ ലിസ്റ്റിൽ കാണുന്നുണ്ട്. ഈ ജോലികളെല്ലാം ഇവർ കാര്യക്ഷമമായി നടത്തുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ ഏല്പിച്ചിട്ടുള്ള ജോലികൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. ഇനിയും അതിനെ പരിഷ്കരിക്കേണ്ട കാര്യം ആലോചനയിലിരിക്കുകയാണ്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പബ്ലിസിറ്റി ഡയറക്ടരുടെ ജോലിയെന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എല്ലാം പറയുവാൻ വിഷമമാണ്. പ്രധാന ജോലി പബ്ലിസിറ്റിയാണ്.

മിസ്റ്റർ പി. കെ. ഡിവർ: കൊച്ചിൻ ഇൻഫർമേഷൻ, ഗോശ്രീ ഇതു രണ്ടും പ്രസിദ്ധപ്പെടുത്തുന്നതു് പബ്ലിസിറ്റി ഡയറക്ടരോ, ഇൻഫർമേഷൻ ആപ്പീസ്സരോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻഫർമേഷൻ ആപ്പീസ്സറാണ്.

മിസ്റ്റർ പി. കെ. ഡിവർ: ഇതിനു മുമ്പു ഒരിക്കൽ പബ്ലിസിറ്റി ഡയറക്ടരാണ് ഇവ പ്രസിദ്ധപ്പെടുത്തുന്നതു എന്നു ഗവണ്മെണ്ടു് പറഞ്ഞിട്ടുണ്ടോ? ഏതാണ് ശരി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിന്റെ എഡിറ്റർ ഇൻഫർമേഷൻ ആഫീസ്സറാണ്. യുദ്ധകാലത്തു് വാർപബ്ലിസിറ്റി ആഫീസ്സറായിരുന്നു. പിന്നീടു യുദ്ധം കഴിഞ്ഞപ്പോൾ പബ്ലിസിറ്റി ഡയറക്ടർ എന്ന നിലയിൽ തുടർന്നുകൊണ്ടു് പോരികയാണ്. ഈ രണ്ടും കൂട്ടിച്ചേർത്തോ മറ്റു വിധത്തിലൊ പരിഷ്കരിക്കേണ്ടകാര്യം ഗവണ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഒരു മാസത്തേക്ക് Typist clerk ഉണ്ടായിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉണ്ടായിരുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : യുദ്ധകാലത്ത് ഡയറക്ടർ ഓഫ് പബ്ലിസിറ്റി എന്നായിരുന്നുവോ പേർ?

മിസ്റ്റർ പി ഗോവിന്ദമേനോൻ : വാർപബ്ലിസിറ്റി ആഫീസർ എന്നായിരുന്നു.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഇപ്പോൾ വാർ എടുത്തു കളയുകയാണോ ചെയ്തത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : വാർകഴിഞ്ഞതുകൊണ്ട് അതു് എടുത്തുകളയുകയാണു ചെയ്തതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഇതു് തുടൻകൊണ്ടുപോകണമെന്നു് വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇതു പരിഷ്കരിക്കേണ്ടകാര്യം ആലോചനയിലിരിക്കയാണു്.

മിസ്റ്റർ പി. എ. മുഹമ്മദു് അഷറഫ് : പബ്ലിസിറ്റിയും, ഇൻഫർമേഷനും തമ്മിലുള്ള വ്യത്യാസമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : പബ്ലിസിറ്റിയെന്നുള്ളതു് പ്രസിദ്ധപ്പെടുത്തുകയാണു്. ഇൻഫർമേഷൻ എന്നുള്ളതു് വിവരങ്ങൾ കൊടുക്കുകയാണു്.

DISTRIBUTION OF MULL TO NURSES IN HOSPITALS

107. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ —

(എ) ആശുപത്രികളിലെ നേഴ്സിന്മാരുടെ കൊല്ലംതുമ്പുവരെ പ്രതിവർഷം എത്രവാരമൽ ഗവൺമെണ്ടിൽനിന്നും വിതരണം ചെയ്തിരുന്നു;

(ബി) ഇപ്പോൾ എത്രവാരമൽ വിതരണം ചെയ്യുന്നുണ്ടു്;

(സി) കുറവാണെങ്കിൽ അതിനുള്ള കാരണമെന്തു്;

(ഡി) ഇപ്പോൾ കൊടുക്കുന്നതുകൊണ്ടു് അവരുടെ ആവശ്യത്തിനു മതിയാകുമോ?

റാവു ബഹദൂർ ടി. കെ. നായർ :

(എ) മൽ കൊടുത്തിട്ടില്ല. 1 0 വാരലോങ്ങ് ക്ലോത്ത് വീതം കൊടുത്തിരുന്നു.

(ബി) 1942 മുതൽ 6 വാരലോങ്ങ് ക്ലോത്ത് വീതം വിതരണം ചെയ്യുന്നുണ്ടു്.

(സി) ലോങ്ങ് ക്ലോത്ത് വേണ്ടത്ര കിട്ടുവാനുള്ള ബുദ്ധിമുട്ടുകൊണ്ടാണു്.

(ഡി) ഇപ്പോൾ കൊടുക്കുന്നതുകൊണ്ടു് ആവശ്യം ഒരുവിധം നിവൃത്തിച്ചുവരുന്നുണ്ടു്.

RETAIL SHOP AT VADAMA VILLAGE

108. Mr. P. A. Mohamed Ashroff *(Cranganur)*: Will Government be pleased to state.—

(*a*) whether the Government or the Director of Food Supplies has received any representation from the Muslims of Vadama village that a retail shop be granted there to a Muslim;

(*b*) will Government be pleased to place a copy of the representations received, the remarks of the subordinate officers, if any, and the orders passed thereon on the Council table;

(*c*) how many retail shops are there in Vadama village;

(*d*) the number of card-holders in Vadama village;

(*e*) is there any Fair Price Shop in Vadama village?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes.

(*b*) Copies of the three petitions received and the orders passed by the Director of Food Supplies on them are placed on the table. The remarks of the subordinate officers are confidential.

(*c*) Five.

(*d*) 1,254.

(*e*) No.

LIBRARY ARCHIVES Kerala Legislative Assembly